**86 (2464) "ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത റോഡുകൾ "**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകൾ ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ജില്ലാ പഞ്ചായത്തുകൾക്ക് ഏല്പിച്ചു കൊടുത്ത റോഡുകൾ റിപ്പയർ ചെയ്യുന്നതിനും നിർമ്മിക്കുന്നതിനും ആവശ്യമായ പണം ഗവൺമെന്റ് ജില്ലാ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യമായ പണം പ്രസ്തുത ഇനത്തിൽ നൽകാൻ കഴിയില്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. തന്നെ പ്രസ്തുത റോഡുകൾ തിരിച്ച് ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) 1907.292 കിലോമീറ്റർ റോഡുകൾ വിട്ടുകൊടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.+

(സി)&(ഡി) ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക പഞ്ചായത്തുകൾക്ക് (വില്ലേജ് റോഡുകൾക്ക്) നൽകിവരാറുണ്ട്.

(ഇ) പഞ്ചായത്തുകൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ വില്ലേജ് റോഡുകൾ മരാമത്ത് വകുപ്പിന് ഏറ്റെടുക്കാവുന്നതാണ്.

**87 (2465) സ്കൂൾ കെട്ടിടത്തിന് ചെലവഴിച്ച തുക**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പേരാവൂർ നിയോജകമണ്ഡലത്തിലെ എടയന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 1994-95, 1995-96 സ്കൂൾ വർഷത്തിൽ ഓലകെട്ടി മേഞ്ഞ വകയിൽ 70,000 രൂപ പി.ഡബ്ല്യൂ.ഡി. നൽകാനുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് തുക നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ തുക യഥാസമയം നൽകാൻ കഴിയാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) ജില്ലാ പഞ്ചായത്തിന്റെ രൂപീകരണത്തോടു കൂടി സ്കൂളിന്റെ റിപ്പയർ ജോലികൾ ജില്ലാ പഞ്ചായത്തിലേക്ക് മാറ്റിയതിനാൽ പ്രസ്തുത വർഷം ചെയ്ത ജോലികൾക്ക് 96 മാർച്ചിനുശേഷം ഫണ്ട് ലഭിച്ചിരുന്നില്ല. തുക എത്രയും പെട്ടെന്ന് നൽകാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**88 (2466) "കളക്ടറേറ്റ് കോംപൗണ്ടിൽ നിന്നും മുറിച്ച മരങ്ങൾ"**

ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കളക്ടറേറ്റ് കോമ്പൗണ്ടിലെ മതിലു പണിയുമായി ബന്ധപ്പെട്ട് അവിടെ നിന്ന എത്ര മരങ്ങളാണ് മുറിച്ചു മാറ്റിയത്;

(ബി) മരങ്ങളുടെ വലിപ്പം തിട്ടപ്പെടുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര;

(സി) ഈ മരങ്ങൾ എന്തു വിലയ്ക്കാണ് വിൽപ്പന നടത്തിയത്;

(ഡി) വില്പന നടത്തിയത് ലേല നടപടിക്രമം അനുസരിച്ചാണോ; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഇ) മരങ്ങൾക്ക് ന്യായമായ വിലയാണോ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24 മരങ്ങൾ

(ബി) ഉണ്ട്. 9.143 എം.3

(സി) 7535 രൂപയ്ക്ക്

(ഡി) ലേല നടപടി ക്രമമനുസരിച്ചാണ് നടത്തിയത്.

(ഇ) ന്യായമായ വിലയാണ് ലഭിച്ചിട്ടുള്ളത്.

**89 (2467) 1995-96 വർഷത്തിന് മുമ്പ് ടെണ്ടർ ചെയ്ത റോഡുകൾ**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96 സാമ്പത്തിക വർഷത്തിലും അതിനുമുമ്പുള്ള വർഷങ്ങളിലും ടെണ്ടർ ചെയ്ത 1995-96 വർഷത്തിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന എത്ര റോഡുകൾ കേരളത്തിൽ ഉണ്ടായിരുന്നു;

(ബി) ഇത്തരത്തിൽപ്പെട്ട എത്ര പാലങ്ങൾ ഉണ്ടായിരുന്നു;

(സി) ഇത്തരത്തിലുള്ള പി.ഡബ്ല്യൂ.ഡി. റോഡുകളും പാലങ്ങളും പി. ഡബ്ലിയു.ഡി തന്നെ ഏറ്റെടുത്ത് നടത്തണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly